ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 13-12-2025

പ്രധാന വാർത്തകൾ

TIME : 07.25 PM

1. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൽ UDF ന് മിന്നും ജയം. കൊല്ലം, കൊച്ചി, തൃശൂർ, കണ്ണൂർ കോർപ്പറേഷൻ UDF ന് ; തിരുവനന്തപുരം കോർപ്പറേഷൻ പിടിച്ചെടുത്ത് NDA; ജില്ലാ പഞ്ചായത്തിൽ എൽ.ഡി.എഫും യു.ഡി.എഫും ഒപ്പത്തിനൊപ്പം.

   In Kerala local body elections, United Democratic Front leads in most of the districts; BJP led NDA takes significant lead in Thiruvananthapuram Corporation. In the District Panchayat, the LDF and UDF are neck and neck.

2. എൻ.ഡി.എ യുടെ മുന്നേറ്റം കേരള രാഷ്ട്രീയത്തിലെ നിർണായക നിമിഷമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; യു.ഡി.എഫിൽ വിശ്വാസം അർപ്പിച്ചതിന് ജനങ്ങളെ അഭിവാദ്യം ചെയ്ത് കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി.

   Prime Minister Narendra Modi says NDA's advance is a defining moment in Kerala politics; Congress Leader Rahul Gandhi greets people for reposing faith in UDF.

3. പാർലമെന്റ് ഭീകരാക്രമണത്തിൽ ജീവത്യാഗം ചെയ്തവർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം.

   Nation today pays tributes to security personnel and victims of terrorist attack on Parliament.

4. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന് മറ്റന്നാൾ തുടക്കമാകും; ജോർദാൻ, ഒമാൻ, എത്യോപ്യ രാഷ്ട്രങ്ങൾ സന്ദർശിക്കും.

**Prime Minister Narendra Modi to embark on a three-nation visit to Jordan, Oman and Ethiopia from Monday.**

5. മത്സ്യ ബന്ധന മേഖലയിൽ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള നിക്ഷേപക സംഗമത്തിന് ലക്ഷദ്വീപിലെ ബംഗാരം ദ്വീപിൽ തുടക്കമായി.

**An investor meet aims at comprehensive development in the fisheries sector begins on Bangaram Island in Lakshadweep.**

6. ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം നാളെ ധരംശാലയിൽ.

**The third match of the India-South Africa Twenty-20 cricket series will be held in Dharamsala tomorrow.**

**************************************

## ELECTION GENERAL

തദ്ദേശ തിരഞ്ഞെടുപ്പിൽ കേരളത്തിൽ UDF തരംഗം. ആറ് കോർപ്പറേഷനുകളിൽ കൊല്ലം, കൊച്ചി, തൃശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ UDF ഭരണം ഉറപ്പിച്ചു. തിരുവനന്തപുരം കോർപ്പറേഷൻ LDF ൽ നിന്നും NDA പിടിച്ചെടുത്തു. കോഴിക്കോട് കോർപ്പറേഷനിൽ മാത്രമാണ് LDF-ന് മുന്നിലെത്താനായത്. തിരഞ്ഞെടുപ്പ് നടന്ന 86 നഗരസഭകളിൽ 54 ഇടത്താണ് UDF ന് മുന്നേറാനായത്. LDF 28 ഇടത്തും, NDA രണ്ട് നഗരസഭകളിൽ മുന്നിലെത്തി. ജില്ലാപഞ്ചായത്തിൽ എൽ.ഡി.എഫും യുഡിഎഫും ഒപ്പത്തിനൊപ്പമാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലാ പഞ്ചായത്തുകൾ എൽഡിഎഫിന് ഒപ്പം നിന്നപ്പോൾ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട്, ജില്ലാ പഞ്ചായത്തുകളിൽ യുഡിഎഫ്

മുന്നേറ്റമുണ്ടാക്കി. 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 79 ഇടത്ത് യുഡിഎഫും, 63 ബ്ലോക്കുകളിൽ എൽഡിഎഫും ആണ് മുന്നിലെത്തിയത്. 941 ഗ്രാമപഞ്ചായത്തുകളിൽ 505 ഇടത്തും യുഡിഎഫിനാണ് മുന്നേറ്റം. എൽഡിഎഫ് 340 ഇടത്തും എൻ.ഡി.എ 26 ഗ്രാമപഞ്ചായത്തുകളിലും മുന്നിലെത്തി.

**************************************

## TVM ELECTION (INTRO)

തിരുവനന്തപുരം കോർപ്പറേഷനിൽ കേവല ഭൂരിപക്ഷവുമായി എൻ ഡി എ. 50 സീറ്റുകൾ നേടിയാണ് എൻ ഡി എ യുടെ മുന്നേറ്റം.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്.....**

(വോയിസ്)

**************************************

## PM – KERALA ELECTIONS

കേരളത്തിലെ തദ്ദേശ തിരഞ്ഞെടുപ്പിൽ എൻ.ഡി.എ സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്ത എല്ലാവർക്കും നന്ദി അറിയിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. തിരുവനന്തപുരം കോർപ്പറേഷനിലെ പാർട്ടിയുടെ മുന്നേറ്റം കേരള രാഷ്ട്രീയത്തിലെ നിർണായക നിമിഷമാണെന്ന് ശ്രീ.മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. തിരുവനന്തപുരത്തിന്റെ വളർച്ചക്കായി പ്രവർത്തിക്കുമെന്ന് പറഞ്ഞ പ്രധാനമന്ത്രി, തിരഞ്ഞെടുപ്പിലെ കഠിനാധ്വാനത്തിന് പാർട്ടി പ്രവർത്തകരോടും നന്ദി പറഞ്ഞു.

**************************************

## RAHUL GANDHI

യു.ഡി.എഫിൽ വിശ്വാസം അർപ്പിച്ചതിന് കേരളത്തിലെ ജനങ്ങൾക്ക് അഭിവാദ്യമെന്ന് കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന്റെ ആത്മവിശ്വാസം വർധിപ്പിക്കുന്നതാണ് തദ്ദേശ തിരഞ്ഞെടുപ്പിലെ വിജയമെന്നും രാഹുൽ ഗാന്ധി സമൂഹ മാധ്യമത്തിൽ കുറിച്ചു.

*************************************

## KERALA ELECTION–Reactions

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ യുഡിഎഫിന് നൽകിയ നിർണായക വിധിക്ക് കേരളത്തിലെ ജനങ്ങൾക്ക് നന്ദി അറിയിച്ച് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പുകളിലും യുഡിഎഫിന് സമാനമായ ഭൂരിപക്ഷം ലഭിക്കുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. അതേസമയം തിരഞ്ഞെടുപ്പിൽ എൻഡിഎയ്‌ക്കൊപ്പം നിന്ന കേരളത്തിലെ ജനങ്ങൾക്ക് ബി.ജെ.പി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ നന്ദി അറിയിച്ചു. വികസിത കേരളം എന്ന ദർശനത്തിലുള്ള ജനങ്ങളുടെ വിശ്വാസമാണ് പ്രകടമായതെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

തെരഞ്ഞെടുപ്പിൽ ഉണ്ടായ അപ്രതീക്ഷിതമായ തിരിച്ചടി സംബന്ധിച്ച് വിശദമായ പരിശോധന നടത്തുമെന്ന് സി.പി.ഐ (എം) സംസ്ഥാന സെക്രട്ടറിയേറ്റ് പ്രസ്താവനയിൽ പറഞ്ഞു.

*************************************

## MALAPPURAM (INTRO)

മലപ്പുറത്ത് എൽ ഡി എഫിന്റെ കണക്കുകൂട്ടലുകൾ തെറ്റിച്ച് മിന്നും ജയം നേടി യു.ഡി.എഫ്. ജില്ലയിൽ നില മെച്ചപ്പെടുത്തി ബി ജെ പി യും.

വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി **സുരേഷ് ബാബു.**

(വോയിസ്)

************************************

## STATE REACTION

പ്രതിപക്ഷം മുന്നോട്ടുവച്ച വിഷയങ്ങൾ ജനങ്ങൾ ഗൗരവമായി കണ്ട് ചർച്ച ചെയ്തതാണ് യുഡിഎഫിൻറെ വിജയത്തിന് കാരണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറഞ്ഞു. നിയമസഭ തിരഞ്ഞെടുപ്പിലും എൻ.ഡി.എ മുന്നേറ്റം ആവർത്തിക്കുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പ്രതികരിച്ചു. തദ്ദേശ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന്റെ അപ്രതീക്ഷിത തിരിച്ചടി പരിശോധിക്കുമെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ വ്യക്തമാക്കി.

************************************

## PARLIAMENT ATTACK-TRIBUTE

പാർലമെന്റ് ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായവർക്കും, വീരമൃത്യു വരിച്ച സുരക്ഷാ ഉദ്യോഗസ്ഥർക്കും, ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. 2001 ഡിസംബർ 13 നാണ് പാർലമെൻറ് ഭീകരാക്രമണം നടന്നത്. ഇന്ത്യയുടെ ദേശീയ ചൈതന്യത്തെ നയിക്കുന്ന വീരന്മാരുടെ ധൈര്യവും ത്യാഗവും രാജ്യം എക്കാലവും സ്മരിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു സമൂഹമാധ്യമത്തിൽ

കുറിച്ചു. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാർ, ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, പാർലമെന്റ് അംഗങ്ങൾ തുടങ്ങിയവർ പാർലമെന്റ് മന്ദിരത്തിൽ പുഷ്പാർച്ചന നടത്തി.

***********************************

## PM – THREE NATION VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര സന്ദർശനത്തിന് മറ്റന്നാൾ തുടക്കമാകും. അബ്ദുല്ല രണ്ടാമൻ ബിൻ അൽ ഹുസൈൻ രാജാവിന്റെ ക്ഷണപ്രകാരം മറ്റന്നാൾ ജോർദാനിലെ ഹാഷെമൈറ്റിൽ പ്രധാനമന്ത്രി സന്ദർശനം നടത്തും. ജോർദാനുമായി നയതന്ത്ര ബന്ധം സ്ഥാപിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചാണ് സന്ദർശനം. വിദേശ പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ ഈ മാസം 16 ന് ശ്രീ മോദി എത്യോപ്യയിലെത്തും. തുടർന്ന് ഈ മാസം 17, 18 തീയതികളിൽ ഒമാനിലും പ്രധാനമന്ത്രി സന്ദർശനം നടത്തും. ത്രിരാഷ്ട്ര പര്യടനത്തോട് അനുബന്ധിച്ച് രാഷ്ട്രീയ, സാമ്പത്തിക, തന്ത്രപര മേഖലകളിലെ ഉഭയകക്ഷി സഹകരണം സംബന്ധിച്ച ചർച്ചകൾ നടക്കും.

***********************************

## LAKSHADWEEP ( INTRO )

മത്സ്യ ബന്ധന മേഖലയിൽ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള നിക്ഷേപക സംഗമത്തിന് ലക്ഷദ്വീപിലെ ബംഗാരം ദ്വീപിൽ തുടക്കമായി. കേന്ദ്ര ഫിഷറീസ് മന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്ര സഹമന്ത്രിമാരായ ജോർജ് കുര്യൻ, എസ്.പി.സിംഗ് ബാഗേൽ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ എന്നിവർ ചേർന്ന് സംഗമം ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവന നൽകാൻ ലക്ഷദ്വീപിന് കഴിയുമെന്ന് കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു.

( വോയിസ്.... )

രാജ്യത്ത് ഏറ്റവും കൂടുതൽ വളർച്ച കൈവരിക്കുന്ന മേഖലയാണ്, സമുദ്ര മത്സ്യബന്ധന രംഗമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു.

**************************************

## AMIT SHA- BASTAR OLYMPICS

ഛത്തീസ്ഗഡിലെ ബസ്തർ ഡിവിഷനെ രാജ്യത്തെ ഏറ്റവും വികസിതമായ ആദിവാസി മേഖലയാക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ജഗ്ദൽപൂരിൽ ബസ്തർ ഒളിമ്പിക്സിന്റെ സമാപന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. 2026 മാർച്ചോടെ രാജ്യം മുഴുവൻ നക്സൽ മുക്തമാകുമെന്നും ശ്രീ ഷാ വ്യക്തമാക്കി.

**************************************

## CHIEF OF DEFENCE STAFF

മികച്ച പ്രൊഫഷണലിസം കൈമുതലാക്കി, മാറ്റങ്ങൾ ഉൾക്കൊണ്ടാണ് സായുധ സേനകൾ പ്രവർത്തിക്കുന്നതെന്ന് സംയുക്ത സേനാ മേധാവി ജനറൽ അനിൽ ചൗഹാൻ. ഹൈദരാബാദിലെ ദുണ്ടിഗലിലുള്ള വ്യോമസേന അക്കാദമിയിൽ 216-ാമത് കമ്പൈൻഡ് ഗ്രാജുവേഷൻ പരേഡിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തത പിൻതുടരാൻ അദ്ദേഹം അഭ്യർത്ഥിച്ചു.

**************************************

## CRICKET

ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം നാളെ ഹിമാചൽപ്രദേശിലെ ധരംശാലയിൽ നടക്കും.

വ്യാഴാഴ്ച നടന്ന രണ്ടാം മത്സരത്തിൽ ദക്ഷിണാഫ്രിക്ക 51 റൺസിന് ജയിച്ചു. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇരു ടീമുകളും ഓരോ വിജയം വീതം നേടിയിട്ടുണ്ട്.

************************************

## EC-SROs

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് പശ്ചിമ ബംഗാൾ, തമിഴ്നാട്, ഉത്തർപ്രദേശ്, കേരളം എന്നിവയുൾപ്പെടെ എട്ട് സംസ്ഥാനങ്ങളിൽ ഇലക്ടറൽ റോൾ നിരീക്ഷകരെ നിയമിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. SRO-മാർ ഇതിനകം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വോട്ടർ പട്ടിക പരിഷ്കരണ പ്രക്രിയ സുഗമമായും സുതാര്യമായും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് SRO-മാരുടെ ദൗത്യമെന്ന് കമ്മീഷൻ അറിയിച്ചു.

************************************

## WB SIR

പശ്ചിമ ബംഗാളിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി നടന്ന പരിശോധനയിൽ 2002 ലെ വോട്ടർ പട്ടികയിൽ വൻ ക്രമക്കേടുകൾ കണ്ടെത്തിയതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമീഷൻ. എസ്ഐആറിന്റെ ആദ്യ ഘട്ടം അവസാനിച്ചെങ്കിലും, സമർപ്പിച്ച ഫോമുകളിൽ പൊരുത്തകേടുകൾ ഉണ്ടെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസ് വ്യക്തമാക്കി.

************************************

## INDIA MALAYSIA EXCERCISE

ഇന്ത്യയും മലേഷ്യയും തമ്മിലുള്ള സംയുക്ത സൈനികാഭ്യാസം ഹരിമൗ ശക്തി രാജസ്ഥാനിലെ മഹാജൻ ഫീൽഡ് ഫയറിംഗ്

റേഞ്ചിൽ തുടരുന്നു. സൈനികാഭ്യാസം ഈ മാസം 18 വരെ തുടരും. തീവ്രവാദ വിരുദ്ധ അഭ്യാസങ്ങൾ, സംയുക്ത പട്രോളിംഗ്, ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും പ്രദർശനങ്ങൾ, തത്സമയ വെടിവയ്പ്പ് പരിശീലനങ്ങൾ, തുടങ്ങിയ പരിശീലന പ്രവർത്തനങ്ങളും അഭ്യാസത്തിൽ ഉൾപ്പെടുന്നു.

******************************************************************

********************************************